# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *52 07.01.2014 ൽ മറുപടിക്ക്

## കഞ്ചിക്കോട് റയിൽവേ ഫാക്ടറി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എം. ഹംസ:<br>ശ്രീ. എം. ചന്ദ്രൻ:<br>ശ്രീ. വി. ചെന്താമരാക്ഷൻ:<br>ശ്രീമതി. കെ.എസ്. സലീഖ: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) |
| (എ) | കഞ്ചിക്കോട് റയിൽവേ ഫാക്ടറിയുടെ നിർമ്മാണ പ്രവൃത്തി നടക്കുന്നുണ്ടോ; ഇതിന്റെ ശിലാസ്ഥാപനം നടത്തിയത് ഏത് തീയതിയിലായിരുന്നു; നിർമ്മാണ പ്രവർത്തനത്തിൽ എത്ര ശതമാനം പുരോഗതിയുണ്ടായിട്ടുണ്ട്; | (എ) | ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ല. എന്നാൽ സംസ്ഥാന സർക്കാർ ഫാക്ടറിക്കായി നല്കിയ സ്ഥലം സുരക്ഷിതമാക്കാനായി 2 1/4 കി.മി. നീളത്തിൽ ചുറ്റുമതിൽ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. 21.02.2012 നാണ് ശിലാസ്ഥാപനം നടത്തയത്. |
| (ബി) | മുൻസർക്കാർ പ്രസ്തുത പദ്ധതിക്കായി ഏറ്റെടുത്ത ഭൂമി എത്രയായിരുന്നു; | (ബി) | 430.59 ഏക്കർ ഭൂമി ഏറ്റെടുത്തിരുന്നു. |
| (സി) | ഫാക്ടറി നിർമ്മാണം ഏത് കമ്പനിയുമായി സഹകരിച്ചാണ് റെയിൽവേ നടത്തുന്നത്; കേന്ദ്ര സർക്കാരിനോട് ഇക്കാര്യത്തിൽ സംസ്ഥാനം ഉന്നയിച്ച ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു; കേന്ദ്ര സർക്കാരിൽ നിന്ന് സംസ്ഥാന സർക്കാരിന് ഇത് സംബന്ധിച്ച എന്തെങ്കിലും ഉറപ്പ് ലഭിച്ചിട്ടുണ്ടോ? | (സി) | ഫാക്ടറി JV/ PPP രീതിയിൽ സ്ഥല വില കൂട്ടാതെ 550 കോടി രൂപ ചെലവിൽ നിർമ്മിക്കാനാണ് കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. ഭൂമി സംസ്ഥാന സർക്കാർ നല്കിയിട്ടുണ്ട്. RITES നെ ടെണ്ടർ നടപടികളുടെ കൺസൾട്ടന്റായി നിയമിച്ചിട്ടുണ്ട്. അതനുസരിച്ച് സ്വകാര്യ സംരംഭകനെ കണ്ടെത്തുന്നതിനുള്ള RFQ 09.09.2013 ന് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അതേ സമയം ഫാക്ടറി നിർമ്മാണത്തിൽ പങ്കാളിയാക്കാൻ SAIL താല്പര്യ പത്രം നല്കിയെങ്കിലും |

| | | | |
|---|---|---|---|
| | | | റയിൽവേ സ്വകാര്യ സംരംഭകനെ തിരഞ്ഞെടുക്കുന്ന നടപടികൾ സ്വീകരിച്ചു വരികയാണ്. ഫാക്ടറി നിർമ്മാണം എത്രയും പെട്ടെന്ന് പൂർത്തിയാക്കാനായി കേന്ദ്ര സർക്കാരിന്റെ ഏറ്റവും ഉന്നത തലത്തിലുള്ള ശ്രദ്ധ ഇക്കാര്യത്തിൽ ചെലുത്തണമെന്നും വരുന്ന സാമ്പത്തിക വർഷമെങ്കിലും നിർമ്മാണം ആരംഭിക്കാനാവശ്യമായ വകയിരുത്തലുകൾ 2014-15 ലെ റയിൽവേ ബഡ്ജറ്റിൽ വരുത്തണമെന്നും കേന്ദ്ര റയിൽവേ ബഡ്ജറ്റിനു മുന്നോടിയായി 2014-15- ൽ സംസ്ഥാനത്തിന്റെ സമഗ്ര റയിൽവേ വികസനത്തിന് ആവശ്യമായ കാര്യങ്ങൾ 2014-15 ലെ റയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്താനായി സംസ്ഥാന സർക്കാർ പ്രധാനമന്ത്രിക്കും, കേന്ദ്ര റയിൽവേ മന്ത്രിക്കും നല്കിയ നിവേദനത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ 27.11.2013- ന് എം.പി. മാരുമായി 2014-15 ലെ റയിൽവേ ബഡ്ജറ്റിൽ സംസ്ഥാനം ആവശ്യപ്പെടേണ്ട കാര്യങ്ങൾ സംബന്ധിച്ച ചർച്ചയിൽ SAIL ലുമായുള്ള കൂട്ടു സംരംഭം റയിൽവേ സ്വീകരിക്കണമെന്ന ആവശ്യം പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിൽ സംസ്ഥാനത്ത് നിന്നുള്ള എം.പി. മാർ ഉന്നയിക്കണമെന്നും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ